ശ്രീ. കറ്റൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് : ഇങ്ങനെയുള്ള ആളുകൾ ഓരോ ദിക്കിലും പ്രയാസപ്പെട്ട് പഠിച്ചുവന്നിട്ട് യാതൊരു ജോലിയും കിട്ടാൻ നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്നുണ്ട്. അങ്ങനെയുള്ള ആളുകൾക്ക് ജോലി കൊടുക്കുന്നതിനുള്ള സ്ഥാപനം ഉണ്ടാകുന്നതായാൽ അതു വളരെ പ്രയോജന കരമായിരിക്കും. ഇവർ വളരെയധികം നമ്പർ കാണുകയില്ല. അതുകൊണ്ട് അവർക്ക് ജോലി ചെയ്യാൻ സൗകര്യമുള്ള എന്തെങ്കിലും ഒരു സ്ഥാപനമുണ്ടാക്കാൻ ഗവണ്മെന്റ് ആലോചിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ആ ഉദ്ദേശത്തോടുകൂടിയാണ് കരമനയിൽ ഒരു വർക്ഷോപ്പ് ഉണ്ടാക്കുന്നതു്. ഇപ്പോൾ ജോലി പരിചയമുള്ള ആളുകളെ അവിടെ നിയമിക്കാൻ കഴിയുമെന്നാണ് ഗവണ്മെന്റു വിചാരിക്കുന്നതു്. അധികം ആളുകൾ ഉണ്ടെന്നു കാണുകയാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ച കാര്യത്തെപ്പറ്റി ആലോചിക്കാം.

റീ എംപ്ലോയിഡ് ടീച്ചർമാർ

* 970. [8] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീ എംപ്ലോയിഡ് ടീച്ചർമാരുടെ സംഘടനയിൽ നിന്ന് ഗവണ്മെൻറിനു കിട്ടിയ നിവേദനങ്ങളിൽ അവരുടെ എന്തെല്ലാം അവശതകൾ പരിഹരിക്കാൻ അഭ്യർത്ഥിച്ചിരുന്നു ;

(ബി) അതിന്മേൽ എന്തു നടപടികളെടുത്തു;

(സി) അവർക്ക് അനുവദിച്ചുകൊടുത്തിരുന്ന ഇംക്രിമെൻറ് അടക്കമുള്ള തുക മടക്കി അടയ്ക്കാൻ ആവശ്യപ്പെട്ടതിന്മേൽ എന്തു തീരുമാനമെടുത്തു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) നാർത്തു് കേരള റീ എംപ്ലായ്ഡ് ടീച്ചേഴ്സ് അസോസിയേഷനിൽ നിന്നു് കിട്ടിയ നിവേദനത്തിൽ സറണ്ടേർഡ് പ്രൈമറി അദ്ധ്യാപകർക്ക് നൽകുന്ന ഇൻക്രിമെൻറ് മുതലായ ആനുകൂല്യങ്ങൾ അവർക്കു നൽകണമെന്നു അഭ്യർത്ഥിച്ചിരുന്നു.

(ബി, സി) ജി. ഓ. എം. എസ്. 304/ എഡ്യുക്കേഷൻ ഡേറ്റഡ് 24–3–1958 അനുസരിച്ച് റീ എംപ്ലായ്മെൻറ് ലഭിച്ചിട്ടുള്ള അദ്ധ്യാപകർക്ക് ഇൻക്രിമെൻറ് നൽകുവാൻ വേണ്ട ഉത്തരവു് പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ജി. ഓ. എം. എസ്. 192/ എഡ്യുക്കേഷൻ ഡേറ്റഡ് 11–4–1961 അനുസരിച്ച് പ്രോവിഡണ്ട് ഫണ്ട് വിഹിതവും നാലിലൊന്നു പെൻഷനും സറണ്ടർചെയ്തു റീ എംപ്ലായ്മെൻറ് വാങ്ങിയിട്ടുള്ള അദ്ധ്യാപകർക്ക് ഇൻക്രിമെൻറ് നൽകുന്ന കാര്യം ഗവണ്മെൻറ് പരിഗണിച്ചുവരികയാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇങ്ങനെ പാസ്സാക്കിയിട്ടുണ്ടെങ്കിലും പല ആളുകൾക്കും ഇൻക്രിമെൻറ് അനുവദിച്ചു കിട്ടിയിട്ടില്ല എന്നുള്ള പരാതിയുണ്ടായ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ശ്രദ്ധയിൽപ്പെട്ടതായി തോന്നുന്നില്ല.

ശ്രീമതി കെ. ടി. ശാരദാകൃഷ്ണൻ : റീ എംപ്ലായ്ഡ് ടീച്ചേഴ്സിനു അനുകൂലമായ ഉത്തരവു് പുറപ്പെടുവിച്ചിട്ടുണ്ട്. ഡിസ്ട്രിക്റ്റു് ബോർഡിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും ഗവണ്മെൻറ് ഏറ്റെടുത്ത സ്കൂളുകളിലെ ടീച്ചർമാർക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല അങ്ങനെ ഗവണ്മെൻറ് ഏറ്റെടുത്ത സ്കൂളുകളിലെ റീ എംപ്ലായ്ഡ് ടീച്ചേഴ്സിനുകൂടി ഈ ആനുകൂല്യം ബാധകമാക്കാൻ ശ്രമിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : അങ്ങനെ കിട്ടിയ നിവേദനവും പരിഗണിച്ചുവരികയാണു്.

ശ്രീ. ഈ. പി. ഗോപാലൻ : ഇതു സറണ്ടേർഡ് സ്കൂളുകളെ സംബന്ധിച്ചു മാത്രമാണോ? മലബാർ ഡിസ്ട്രിക്ടു ബോർഡിൽ നിന്നു ഗവണ്മെന്റു ഏറ്റെടുത്ത സ്കൂളുകളിലെ ചില അദ്ധ്യാപകരെ 60 വയസ്സുവരെ തുടരാൻ ഗവണ്മെന്റു് അനുവദിക്കുന്നുണ്ടു്. അപ്പോഴും 60 വയസ്സുവരെ തുടരാൻ അനുവാദം കൊടുത്തിട്ടുള്ള അദ്ധ്യാപകർക്കു് സറണ്ടേർഡ് സ്കൂളുകളിലെ ടീച്ചേഴ്സിനു കൊടുക്കുന്ന ആനുകൂല്യം കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റു് ആലോചിക്കുമോ ?

ശ്രീ ആർ. ശങ്കർ : ആലോചിച്ചുവരികയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇതേപ്രകാരം ഇൻക്രിമെന്റിനു് അർഹരായിരിക്കുന്ന അദ്ധ്യാപകരെ നിയമിക്കുന്ന കാര്യത്തിൽ 60 വയസ്സുവരെ ഒരു സ്ഥാപനത്തിൽ നിയമിക്കാമെന്നു പറയാമോ? അതോ നിയമനം ഒരു കൊല്ലത്തേക്കു് അല്ലെങ്കിൽ താൽക്കാലികമെന്നു പറഞ്ഞു അതു അങ്ങനെ തുടരുകയാണെങ്കിൽ ഇൻക്രിമെന്റിനു് അർഹതയുണ്ടോ? ഈ വ്യാഖ്യാനത്തെപ്പറ്റിയുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒരു വ്യത്യാസമുണ്ടു്. ഓരോ വർഷത്തേക്കു കൊടുക്കുന്നതും, ഒന്നായിട്ടു 60 വയസ്സുവരെ കൊടുക്കുന്നതും തമ്മിൽ അവകാശത്തെ സംബന്ധിച്ചു് തർക്കം വരുമെന്നുള്ളതുകൊണ്ടു് എന്തു ചെയ്യണമെന്നുള്ള കാര്യം ആലോചിക്കുകയാണു്.

മുസ്ലീംപെൺകുട്ടികൾക്കു് സ്കോളർഷിപ്പു്

* 971. [9] ശ്രീ. കെ. ഹസ്സൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീം പെൺകുട്ടികൾക്കു നൽകിവരുന്ന സ്കോളർഷിപ്പു് സംസ്ഥാനമൊട്ടാകെ ബാധകമാണോ ;

(ബി) ഇല്ലെങ്കിൽ ആയതു് മലബാർ പ്രദേശത്തേയ്ക്കും ബാധകമാക്കുവാൻ വേണ്ട നടപടികൾ എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ, ബി) തിരുവിതാംകൂർ പ്രദേശത്തു മാത്രമേ ഈ സ്കോളർഷിപ്പു് നൽകിവരുന്നുള്ളു. തിരുവിതാംകൂർ–കൊച്ചി–മലബാർ വിഭാഗങ്ങളിൽ ഇന്നു് സ്കോളർഷിപ്പിന്റെ കാര്യത്തിൽ വ്യത്യസ്തമായ നിയമങ്ങളാണു് നിലവിലുള്ളതു്. അവ ഏകീകരിക്കാൻ വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്. ഇക്കാര്യവും അപ്പോൾ പരിഗണിക്കാവുന്നതാണു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : തിരുവിതാംകൂറിൽ ഇപ്പോൾ ആകെ എത്ര കുട്ടികൾക്കു് സ്കോളർഷിപ്പു കൊടുത്തുവരുന്നു. അതിനു് ആകെ എത്ര സംഖ്യ ചെലവുവരും?

ശ്രീ. ആർ. ശങ്കർ : പ്രത്യേകം ചോദിച്ചാലേ പറയാൻ നിവൃത്തിയുള്ളു

ശ്രീ. കെ. കൃഷ്ണപിള്ള : മുസ്ലീം കുട്ടികൾക്കു് അനുവദിച്ചിട്ടുള്ള സ്കോളർഷിപ്പു് പലപ്പോഴും തക്കസമയത്തു് ലഭിക്കുന്നില്ലെന്നുള്ള പരാതിയുണ്ടു്. അതുകൊണ്ടു് ഈ സ്കോളർഷിപ്പു് തക്ക സമയത്തുതന്നെ കൊടുക്കാൻ നിർദ്ദേശം. കൊടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly